LIBRARY ARCHIVES Kerala Legislative Assembly

നടത്തുകയുമുണ്ടായി. ആയതിൽ 62.041 ഹെക്ടർ 1-1-1977-ന് മുമ്പുള്ള കയ്യേറ്റമായും 125.315 ഹെക്ടർ 1-1-1977-ന് ശേഷമുള്ള കയ്യേറ്റമായും കണ്ടെത്തിയിട്ടുണ്ട്. 1-1-1977-ന് മുമ്പ് സംയുക്ത പരിശോധനയിൽ കണ്ടെത്തിയ വനം കയ്യേറ്റങ്ങൾ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം റെഗുലറൈസ് ചെയ്യുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പെരുവണ്ണാമൂഴി റേഞ്ചിലെ ജോയിന്റ് വെരിഫിക്കേഷൻ റിക്കോർഡ് കോഴിക്കോട് ഡിവിഷൻ ഓഫീസിലോ കളക്ടറേറ്റിലോ റവന്യൂ ഡിവിഷണൽ ഓഫീസിലോ ലഭ്യമല്ല. 1-1-1977-നുശേഷമുള്ള വനം കയ്യേറ്റങ്ങൾ ഒഴിപ്പിച്ചാൽ മാത്രമേ 1-1-1977-നുമുമ്പുള്ള വനം കയ്യേറ്റങ്ങൾ റഗുലറൈസ് ചെയ്യാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ഇത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായി. 4-9-2015-ലെ WP(c)18407/02, ഒ.പി-1947/2007 കേസ്സുകളിലെ ഉത്തരവ് പ്രകാരം 1-1-1977-ന് ശേഷമുള്ള എല്ലാ വനം കയ്യേറ്റങ്ങളും ഒഴിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുള്ളതുമാണ്. ഇതുവരെ ഇത്തരത്തിലുള്ള 49.643 ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്. ഒഴിപ്പിക്കാൻ ബാക്കിയുള്ള വനം കയ്യേറ്റത്തിന്റെ വിസ്തൃതി 75.672 ഹെക്ടറാണ്. ഇതിൽ കുരാച്ചുണ്ട്, കാന്തലാട്, ചെമ്പനോട് ഭാഗങ്ങളിൽ 60.322 ഹെക്ടർ കയ്യേറ്റമാണ് കണ്ടെത്തിയിട്ടുള്ളത്. 2-7-2021-ന് കോഴിക്കോട് വച്ച് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ യോഗത്തിൽ കർഷകർ കൈവശം വച്ചുവരുന്ന ഭൂമിയുടെ അളവ് കണക്കാക്കി അവരുടെ രേഖകൾ പരിശോധിച്ച് നിയമാനുസൃതമായ തീരുമാനമെടുക്കാമെന്ന കാര്യത്തിൽ ധാരണയിലെത്തിയിട്ടുണ്ട്. ആയതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. അതുപോലെ 1-1-1977-ന മുമ്പുള്ള കയ്യേറ്റങ്ങൾ ക്രമപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ റവന്യൂ വകുപ്പിന് ടി യോഗത്തിൽ നിർദ്ദേശം നൽകിയിരുന്നു. ആയതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നുണ്ട്.

നിലമ്പൂരിൽ റോഡ് നവീകരണത്തിന് വന ഭൂമി

120(5567) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഫോറസ്റ്റ് ഡിവിഷണൽ ഓഫീസുകൾ സ്ഥിതി ചെയ്യുന്ന ഭാഗത്ത് കെ.എൻ.ജി. റോഡിനോട് ചേർന്നുള്ള റോഡ് നവീകരിക്കുന്നതിന് രണ്ട് മീറ്റർ വീതിയിൽ വനം വകുപ്പിന്റെ സ്ഥലം അനുവദിക്കണമെന്ന പൊതുമരാമത്ത് വകുപ്പിന്റെ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

നിലമ്പൂർ നോർത്ത് ഡിവിഷൻ ഓഫീസിന്റെ മുൻപിലൂടെ പോകുന്ന സി.എൻ.ജി. റോഡിന്റെ വീതി കൂട്ടുന്നതിനായി 0.0322 ഹെക്ടർ വനഭൂമി വിട്ടുനൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 5-2-2018-ൽ ഓൺലൈനായി അപേക്ഷ സമർപ്പിച്ചു. ടി അപേക്ഷയിൻമേൽ എഫ്.സി. നോഡൽ ഓഫീസർ വിശദീകരണം ചോദിച്ചിട്ടുണ്ട്. ഇക്കാര്യം രേഖപ്പെടുത്തി യൂസർ ഏജൻസിക്ക് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ഓഫീസിൽനിന്നും ഒരു ക്വറി ഓൺലൈനായി നൽകിയിട്ടുണ്ട്. ആയതിന് യൂസർ ഏജൻസിയായ പൊതുമരാമത്ത് വകുപ്പ് മറുപടി നൽകിയിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(ബി) ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തീകരിച്ച അപേക്ഷ എന്നാണ് വകുപ്പിൽ ലഭിച്ചതെന്നും ഫയൽ ഇപ്പോൾ ഏത് കാര്യാലയത്തിന്റെ പരിഗണനയിലാണെന്നും അറിയിക്കാമോ?

പൊതുമരാമത്ത് വിഭാഗം ഓൺലൈൻ അപേക്ഷ സമർപ്പിച്ചത് 5-2-2018-നാണ്. ഇതുസംബന്ധിച്ച് യൂസർ ഏജൻസിയായ പൊതുമരാമത്ത് വകുപ്പിന് നൽകിയ ക്വറിക്ക് മറുപടി ലഭിച്ചാൽ മാത്രമേ തുടർ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. ഈ അപേക്ഷ നിലവിൽ യൂസർ ഏജൻസിയായ പൊതുമരാമത്ത് ഓഫീസിൽ പെൻഡിംഗിലാണ്.

(സി) പ്രസ്തുത അപേക്ഷ പ്രകാരം എത്ര ഹെക്ടർ ഭൂമിയാണ് വനം വകുപ്പ് വിട്ടുനൽകേണ്ടിവരികയെന്ന് അറിയിക്കാമോ?

പൊതുമരാമത്ത് വകുപ്പ് നൽകിയ വനഭൂമിയാണ് വനം വകുപ്പ് വിട്ടുനൽകേണ്ടത്.

(ഡി) ഒരു ഹെക്ടറിൽ താഴെ വനഭൂമി വിട്ടുനൽകുന്നതിന് സംസ്ഥാന തലത്തിൽ തീരുമാനമെടുക്കാൻ സാധിക്കുമോയെന്ന് അറിയിക്കാമോ; ഇപ്രകാരം മറ്റ് വകുപ്പുകൾക്ക് ഭൂമി വിട്ടുനൽകുന്നതിൽ തീരുമാനമെടുക്കേണ്ട സംസ്ഥാനത്തെ വനം വകുപ്പ് ഉദ്യോഗസ്ഥൻ ആരാണെന്ന് അറിയിക്കാമോ?

ഒരു ഹെക്ടറിൽ താഴെ വനഭൂമി വിട്ടുനൽകുന്നതിന് സംസ്ഥാന സർക്കാരിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നിഷ്കർഷിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം തീരുമാനം കൈക്കൊള്ളാവുന്നതാണ്. വനം വകുപ്പിൽ നിലവിൽ ഇതിന്റെ ചുമതല വഹിക്കുന്നത് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എൽ.&ആർ.) & നോഡൽ ഓഫീസർ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് & CAMPA തിരുവനന്തപുരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) റോഡ് വിപുലീകരണത്തിനായി രണ്ട് മീറ്റർ വീതിയിൽ സ്ഥലം ഒഴിവാക്കിയാണോ ടി ഭൂമി വന ഭൂമിയായി വിജ്ഞാപനം ചെയ്യാൻ അപേക്ഷ നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ; എങ്കിൽ ഇപ്രകാരം സ്ഥലം വിട്ടുനൽകുന്നതിന് എന്ത് സാങ്കേതിക തടസ്സമാണുള്ളതെന്ന് വ്യക്തമാക്കാമോ?

റിസർവ് വിജ്ഞാപനത്തിനുള്ള പ്രൊപ്പോസലിൽ പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ട പ്രസ്തുത 0.0322 ഹെക്ടർ വനഭൂമിയും ഉൾപ്പെടുന്നുണ്ട്. വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയായതിനാൽ വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരമുള്ള അനുമതി ലഭ്യമാക്കേണ്ടത്.

(എഫ്) ടി ഫയലിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസമുണ്ടാക്കുന്നത് മനുഷ്യാവകാശ ലംഘനമായി കണക്കാക്കപ്പെടും എന്നതുസംബന്ധിച്ച് അഭിപ്രായം അറിയിക്കുമോ?

ഈ ഫയലിൽ തീരുമാനം കൈക്കൊള്ളുന്നതിൽ വനം വകുപ്പിന്റെ ഭാഗത്തുനിന്നും കാലതാമസമുണ്ടായിട്ടില്ല. ഇതിനെ മനുഷ്യാവകാശ ലംഘനമായി കണക്കാക്കാൻ കഴിയില്ല. പ്രസ്തുത 0.0322 ഹെക്ടർ സ്ഥലം വിട്ടുനൽകാത്തതുമൂലം റോഡിലൂടെ യാത്ര ചെയ്യുന്നതിന് ഒരു തടസ്സവുമില്ല. നിലവിലെ റോഡിന് നൂറ്റാണ്ടിന്റെ പഴക്കമുള്ളതാണ്. ഭാവിയിലെ ആവശ്യം മുൻനിർത്തിയാണ് റോഡ് വികസന പ്രക്രിയ നടത്തുന്നത്. ഈ സ്ഥലം ലഭ്യമാകാത്തതുകാരണം റോഡ് വികസന ജോലി നിർത്തിവയ്ക്കേണ്ട സാഹചര്യം ഇതുവരെ ഉണ്ടായിട്ടില്ല. പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെടുന്ന സ്ഥലത്ത് വിവിധ ഇനത്തിൽപ്പെട്ട ധാരാളം മരങ്ങൾ വളർന്നു നിൽക്കുന്നുമുണ്ട്.

വനാതിർത്തിയിലെ റോഡുകളുടെ പുനരുദ്ധാരണം

121(5568) ശ്രീ എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തിയിൽകൂടിയുള്ള റോഡുകളിൽ തദ്ദേശസ്ഥാപനങ്ങൾ നടത്തുന്ന പുനരുദ്ധാരണ പ്രവർത്തനങ്ങൾ വനം വകുപ്പിന്റെ എതിർപ്പുമൂലം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വനാതിർത്തിയിൽകൂടിയുള്ള റോഡുകളിൽ തദ്ദേശസ്ഥാപനങ്ങൾ നടത്തുന്ന പുനരുദ്ധാരണ പ്രവർത്തനങ്ങൾ നിലവിലുള്ള കേരള വനനിയമം, 1961 പ്രകാരവും 1980-ലെ കേന്ദ്ര വന സംരക്ഷണ നിയമപ്രകാരവുമുള്ള വ്യവസ്ഥകൾ പാലിച്ചാണ് നടക്കുന്നതെങ്കിൽ ആയത് വനം വകുപ്പ് തടസ്സപ്പെടുത്തുന്നില്ല.